**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6644** **11-07-2024 - ൽ മറുപടിയ്ക്ക്**

**അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിൽ നിന്നും ഫലപ്രാപ്തിയുണ്ടാകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ അടുത്തകാലത്തായി നേടിയെടുത്ത മികവുകൾ നിലനിർത്തുന്നതിനും പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ കർമ്മോന്മുഖമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി പൊതുവിദ്യാലയങ്ങളിലെ അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (എ) | പൊതുവിദ്യാലയങ്ങളിലെ അധ്യയന ദിനങ്ങൾ 220 ആയി വർദ്ധിപ്പിച്ച് അക്കാദമിക് കലണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പൊതുവിദ്യാലയങ്ങളിൽ 220 അധ്യയന ദിനങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ടി അധ്യാപക സംഘടനകളുമായി ആശയവിനിമയം നടത്തി സമവായത്തിൽ എത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | അക്കാദമിക് കലണ്ടറുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകളുമായി യോഗം ചേർന്നുകൊണ്ട് ആശയവിനിമയം നടത്തിയെങ്കിലും സമവായത്തിലെത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) | പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്ന വിഷയങ്ങൾക്ക് ഉപരിയായി പ്രാദേശിക പ്രാധാന്യമുള്ള തൊഴിലുകൾ, കലകൾ, കൃഷിരീതികൾ തുടങ്ങിയവ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് അധികമായി ലഭിക്കുന്ന അധ്യയന ദിനങ്ങൾ പ്രയോജനപ്പെടുത്തുമോ; വിശദീകരിക്കുമോ; | (സി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നിവയ്ക്ക് ഈ വർഷം പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. കലാവിദ്യാഭ്യാസം 5 പ്രധാന മേഖലകൾക്ക് ഫോക്കസ് നൽകിയാണ് തയ്യാറാക്കിയിരിക്കുന്നത്. സംഗീതം, നൃത്തം, നാടകം, സിനിമ, ചിത്രകല തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് 5, 7, 9 ക്ലാസ്സുകളിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. കൃഷി, പ്ലംബിംഗ്, പാർപ്പിടം, വസ്തുകല, മാധ്യമങ്ങളും വിനോദവും, വിനോദസഞ്ചാരവും ആതിഥേയത്വവും, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, കരകൗശലം, പാഴ് വസ്തു പരിപാലനം, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, ധനകാര്യം, ഭക്ഷ്യവ്യവസായം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിയാണ് ഈ പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. വ്യത്യസ്ത അഭിരുചികൾ ഉള്ള |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിഗണിക്കുന്നതിനും ഈ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വ്യത്യസ്ത അഭിരുചിയുള്ള കുട്ടികൾക്കായി സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിലും പദ്ധതികൾ നടപ്പിലാക്കി വരുന്നു. എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ഗണിതശാസ്ത്ര പ്രതിഭാ പോഷണ പരിപാടിയായ ന്യൂമാത്സും സാമൂഹ്യശാസ്ത്ര പ്രതിഭാ പോഷണ പരിപാടിയായ സ്റ്റെപ്പ്സും നടപ്പിലാക്കി വരികയാണ്. |
| (ഡി) | അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം കുട്ടികളുടെ മാനസികോല്ലാസത്തിനും സ്വതസിദ്ധമായ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദീകരിക്കുമോ? | (ഡി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നിവയ്ക്ക് ഈ വർഷം പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. കലാവിദ്യാഭ്യാസം 5 പ്രധാന മേഖലകൾക്ക് ഫോക്കസ് നൽകിയാണ് തയ്യാറാക്കിയിരിക്കുന്നത്. സംഗീതം, നൃത്തം, നാടകം, സിനിമ, ചിത്രകല തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് 5, 7, 9 ക്ലാസ്സുകളിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. കൃഷി, പ്ലംബിംഗ്, പാർപ്പിടം, വസ്ത്രകല, മാധ്യമങ്ങളും വിനോദവും, വിനോദസഞ്ചാരവും ആതിഥേയത്വവും, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, കരകൗശലം, പാഴ് വസ്തു പരിപാലനം, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, ധനകാര്യം, ഭക്ഷ്യവ്യവസായം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിയാണ് ഈ പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. വ്യത്യസ്ത അഭിരുചികൾ ഉള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിഗണിക്കുന്നതിനും ഈ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വ്യത്യസ്ത അഭിരുചിയുള്ള കുട്ടികൾക്കായി സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിലും പദ്ധതികൾ നടപ്പിലാക്കി വരുന്നു. എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ഗണിതശാസ്ത്ര പ്രതിഭാ പോഷണ പരിപാടിയായ ന്യൂമാത്സും സാമൂഹ്യശാസ്ത്ര പ്രതിഭാ പോഷണ പരിപാടിയായ സ്റ്റെപ്പ്സും നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ